(ഡി, ഇ) ഘട്ടംഘട്ടമായി മദ്യനിരോധനം ഏർപ്പെടുത്തുമെന്ന സർക്കാർ നയത്തിന്റെ ഭാഗമായി പ്രവർത്തിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടുവരുമ്പോൾ ആവശ്യമായ പ്രോൽസാഹനം നൽകുന്നതാണ്.

പൂട്ടിയ അനധികൃത ഷോപ്പുകൾ വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിനെതിരെ കേസ്സുകൾ

88 [1698] ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്—പിന്നോക്ക—പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് അടച്ചുപൂട്ടിയ അനധികൃത ഷാപ്പുകൾ വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിനെതിരെ എത്ര കേസ്സുകൾ 1995–96-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കേസ്സുകളിൽ എന്ത് ശിക്ഷയാണ് സർക്കാർ നൽകിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 70 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 4 കേസ്സുകൾ ഡിപ്പാർട്ടുമെന്റലായി 3,50,000 രൂപ പിഴ ഈടാക്കുകയും 10 കേസ്സുകൾ കോടതിയിൽ ചാർജ്ജു ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റുള്ള കേസ്സുകൾ 15–3–1996-നകം കോടതിയിൽ ചാർജ്ജ് കൊടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

''കള്ള് വ്യവസായം സംരക്ഷിക്കുന്നതിന് നടപടി''

89 [1699] ശ്രീ. എസ്. ശർമ്മ:

,, സി. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്—പിന്നോക്ക—പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ള് വ്യവസായം സംരക്ഷിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കള്ളിൽനിന്നും ശീതള പാനീയങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പിൽ വരുത്താൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) ഇതു സംബന്ധിച്ച് ഉദയഭാനു കമ്മീഷൻ താഴെ പറയുന്ന ശുപാർശകൾ സമർപ്പിക്കുകയുണ്ടായി:

(1) കള്ളിന്റെ ഉൽപ്പാദന വിതരണ ചുമതല തൊഴിലാളി (താലൂക്ക് ലെവൽ) സഹകരണ സംഘങ്ങളെ ഏൽപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly